**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1022** **05.02.2020-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.ജെ. മാക്സി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാന തൊഴിൽ മേഖലയിൽ അഞ്ചുലക്ഷത്തിലധികം വരുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ തൊഴിൽ ചെയ്യുന്നവർ/ മാഫിയാ പ്രവർത്തനമുള്ളവർ/ ലഹരി കച്ചവടമുൾപ്പെടെ അനാശാസ്യ പ്രവർത്തന പങ്കാളികളായവർ തുടങ്ങിയവരുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ആയത് സർക്കാർ നിരീക്ഷിക്കുന്നുണ്ട്. |
| (ബി) ഇതര സംസ്ഥാന തൊഴിലാളികളിൽ തൊഴിൽ സംസ്കാരം വളർത്തിയെടുത്ത് കുറ്റവാസനയും അനാശാസ്യ പ്രവർത്തനങ്ങളും തടയുവാനും കുറ്റക്കാരായി കണ്ടെത്തുന്നവരെ സംസ്ഥാനത്തു നിന്നും ഒഴിവാക്കാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് നടത്തിവരുന്ന ബോധവല്ക്കരണ പരിപാടികളിൽ ലഹരി ഉല്പന്നങ്ങളുടെ ഉപയോഗം ഒഴിവാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നല്കി വരുന്നു. കുറ്റക്കാർക്കെതിരെ നിയമപ്രകാരം നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; ആനുകൂല്യങ്ങൾ ലഭിക്കാനായി അവർ സ്വീകരിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; ഈ സർക്കാർ കാലയളവിൽ എത്രപേർ പ്രസ്തുത പദ്ധതികളുടെ ഭാഗമായി; ഇവരിൽ 60 വയസ്സിനു മുകളിലുള്ള എത്ര പേരുണ്ട്; അവർക്ക് എന്തു സഹായം നൽകിവരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി ആവാസ്, അപ്നാഘർ, കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആവാസ് പദ്ധതിയിൽ |

ധനസഹായം, അപകട ധനസഹായം, മരണാനന്തര ധനസഹായം, കേരളത്തിൽ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം, ടെർമിനൽ ബെനഫിറ്റ്, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവ ധനസഹായം എന്നിവ നൽകിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം, പദ്ധതി നടപ്പിലാക്കുന്നത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ്. ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ആകെ 2516 അംഗങ്ങളാണ് അംഗത്വമെടുത്തിരിക്കുന്നത് ടി പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കുന്ന അംഗങ്ങൾക്ക് അംഗത്വം അവസാനിപ്പിച്ച് ടെർമിനൽ ബെനിഫിറ്റ് അനുവദിക്കുന്നതാണ്. 60 വയസ്സിനു മുകളിൽ പ്രായമുള്ള അംഗങ്ങളുടെ വിവരം സൂക്ഷിക്കുന്നില്ല.

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ കാലയളവിൽ ഇവരിൽ നിന്ന് എത്ര കുറ്റവാളികളെ കണ്ടെത്തിയെന്നറിയിക്കാമോ; അവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ഡി) | കുറ്റകൃത്യങ്ങളിലേർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ഇവരിലെ കുറ്റക്കാരെ നിരീക്ഷിക്കാനും കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുന്നവരെ ഒഴിവാക്കാനും വേണ്ടി സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനും ഐഡന്റിറ്റി കാർഡ് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; | (ഇ) | ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായും അവരുടെ വിവരശേഖരണവും രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ "ആവാസ്" ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 31/01/2020 വരെ പ്രസ്തുത പദ്ധതിയിൻ കീഴിൽ 505663 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ആഭ്യന്തരം, ആരോഗ്യം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ ഏകീകൃത ഇൻഷ്വറൻസ് തിരിച്ചറിയൽ കാർഡ് നല്കി വരുന്നു. നിർബന്ധിത രജിസ്ട്രേഷൻ നടത്തുവാൻ നിയമാനുസൃതം സാധിക്കില്ല. |

അംഗമായിട്ടുള്ള തൊഴിലാളികൾക്ക് 25,000/- രൂപയുടെ ആരോഗ്യ ഇൻഷുറൻസും ആശ്രിതർക്ക് 2,00,000/- രൂപയുടെ അപകടമരണ ഇൻഷുറൻസും ഉൾപ്പെടുത്തിയിട്ടുണ്ട് ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്, കൂടാതെ അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷയും വ്യവസ്ഥചെയ്യുന്നു.

ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് അപ്നാഘർ പദ്ധതി. ടി പദ്ധതി വഴി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് നടപ്പിലാക്കുന്നത്. പാലക്കാട് അപ്നാഘർ പദ്ധതിയിൽ നിലവിൽ 620 പേർ താമസിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ അപ്നാഘർ ഹോസ്റ്റലിന്റെ സൗകര്യങ്ങൾ 1372 ഇതര സംസ്ഥാന തൊഴിലാളികൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യ, യാത്ര സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനും

ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ "ശ്രമിക് ബന്ധു" എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

കേരള അന്തർ സംസ്ഥാന കുടിയേറ്റ ക്ഷേമപദ്ധതി പ്രകാരം ചികിത്സാ

| | |
|---|---|
| (എഫ്) എറണാകുളം ജില്ലയിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികളുണ്ടെന്നും ഇവരിൽ എത്രപേർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (എഫ്) എറണാകുളം ജില്ലയിൽ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ 31/01/2020 തീയതി വരെ 1,10,509 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ എത്രപേർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ